ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാ കളക്ടർ, തിരുവനന്തപുരം.

(ഡി) 1998-2000 കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം

108 [3255] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ആക്കുളം, വർക്കല, പൊൻമുടി, നെയ്യാർ, അരുവിക്കര എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൊൻമുടിയിലേക്കുള്ള പാതയിലെ 22 ഹെയർപിൻ വളവുകൾ സൗന്ദര്യ വൽകരിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കുമോ?

ഉത്തരം

(എ) ടി സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സംബന്ധിച്ച് നിലവിൽ യാതൊരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

(ബി) ഇപ്രകാരമൊരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാലടി ഏരിയ വികസന അതോറിറ്റി സമർപ്പിച്ച പദ്ധതികൾ

109 [3256] ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാലടി-മലയാറ്റൂർ വിനോദസഞ്ചാര മേഖലയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിന് വരുന്ന കാലതാമസം എന്തു കൊണ്ടാണ് എന്നും ആയത് ഒഴിവാക്കി ഈ പദ്ധതികൾ എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ;

(ഡി) കാലടി ആസ്ഥാനമായി പ്രവർത്തിക്കുന്ന കാലടി ഏരിയ വികസന അതോറിറ്റി ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾ ആണ് സമർപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിൽ ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടെന്നും എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) അനുബന്ധം I കണ്ടാലും. †

(ഡി) അനുബന്ധം II കണ്ടാലും. ‡

(ഇ) കാലടിയിലും മലയാറ്റൂരിലും ഓരോ ഇൻഫർമേഷൻ ഓഫീസുകളുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

ടൂറിസ്റ്റ് കേന്ദ്രമായ വാഴാനി മോടിപിടിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ

110 [3257] ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രമായ തൃശ്ശൂർ ജില്ലയിലെ വാഴാനി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ മോടി പിടിപ്പിക്കുവാൻ ഡി.ടി.പി.സി. എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത നിർദ്ദേശങ്ങൾ സമർപ്പിച്ചത്;

(സി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാഴാനി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടൂറിസം വികസന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-7-2002-ൽ.

(സി) ഇറിഗേഷൻ വകുപ്പിന്റെ സമ്മതം ആവശ്യമാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം

111 [3258] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന വഴിയോര വിശ്രമകേന്ദ്രത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

† അനുബന്ധം VI

‡ അനുബന്ധം VI A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

(1)	(2)	(3)	(4)
13	എറണാകുളം ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റ പണിക്കുശേഷമുള്ള പുനഃപ്രവേശന ക്ഷണക്കത്ത്	1,827	
14	ടൂറിസ്റ്റ് കോംപ്ലക്സ്, ഗുരുവായൂർ	10,710	
15	യാത്രീ നിവാസ്, കോഴിക്കോട്	6,746	
16	ഫോർട്ട് കൊച്ചി	5,670	
17	ഫോർട്ട് കൊച്ചി-മെറ്റീരിയൽ	15,750	
18	ഫോർട്ട് കൊച്ചി-ഇൻവിറ്റേഷൻ കാർഡ്	7,993	
19	ഡബ്ല്യൂ.എസ്.എ.-അടൂർ	6,500	
20	ടൂറിസ്റ്റ് കോംപ്ലക്സ്-തെൻമല	8,348	
21	പെർമനന്റ് പവലിയൻ-പുന്നമട	12,560	
22	ഇനാഗുറേഷൻ ഓഫ് ഡൈനാമിക് വെബ്സൈറ്റ്	2,174	

അനുബന്ധം VI

[16-7-2003 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 109 (3256) ദയവായി കാണുക]

Tourism Development Projects in Kalady Malayatoor Region

Sl. No.	Project	Amount in Lakhs	Status
(1)	(2)	(3)	(4)
1	Tourist Complex Kalady	145.40	Completed
2	Yatri Nivas at Malayatoor	41.82	Completed
3	Improvements in River Ghats near birthplace of Sri Sankaracharya, Kalady	50.00	50% completed
4	Information Office at Kalady	32.00	Tendered by Kalady Panchayat
5	Information Office at Malayatoor	10.00	Tendered by Kalady Panchayat

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI A

കാലടിയും സമീപപ്രദേശങ്ങളായ മലയാറ്റൂർ, നീലേശ്വരം, മഞ്ഞപ്പാറ, അയ്യമ്പുഴ, മൂക്കന്നൂർ, നെടുമ്പാശ്ശേരി, കാഞ്ഞൂർ, ഒക്കൽ, കുവപ്പടി തുടങ്ങിയ പ്രദേശങ്ങൾ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളാക്കി വികസിപ്പിക്കുന്നതിനായി കാലടി ഏരിയ വികസന അതോറിറ്റി സമർപ്പിച്ച പദ്ധതികൾ:

1. 'കാലടി'യെ അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രമാക്കി വളർത്തുക, ഇക്കോ-ടൂറിസം, റിലീജിയസ്/സ്പിരിച്ചൽ ടൂറിസം, കൾച്ചറൽ ടൂറിസം, അഡ്വൻചർ ടൂറിസം, ഹെൽത്ത് റിസോർട്ട് ടൂറിസം തുടങ്ങിയവ വികസിപ്പിക്കും.
2. വിശാലമായ റോഡുകൾ, ഹോട്ടലുകൾ, കംഫർട്ട് സ്റ്റേഷനുകൾ, പൂന്തോട്ടം, പാർക്ക്, ഷോപ്പിംഗ് സെന്റർ, ട്രാവൽ ഏജൻസിസ്, ആശുപത്രികൾ തുടങ്ങിയവ സ്ഥാപിക്കുന്നതോടൊപ്പം കാലടിയുടെ പവിത്രതയും പ്രകൃതി രമണീയതയ്ക്കും കോട്ടം പറ്റാത്ത രീതിയിൽ നടപ്പിലാക്കുക.
3. ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് മതിയായ വിവരങ്ങൾ പ്രസിദ്ധീകരിക്കുക.
4. ജഗദ്ഗുരു ശ്രീ ആദിശങ്കരാചാര്യരുടെ തത്വങ്ങൾ ലോകത്തെങ്ങും ലഭ്യമാകത്തക്ക രീതിയിൽ ഇന്റർനെറ്റ് സംവിധാനം വഴി പ്രചരിപ്പിക്കുക.
5. ഒരു ആധുനിക മ്യൂസിയം ശ്രീ ശങ്കരാചാര്യരുടെ പേരിൽ സ്ഥാപിക്കുക.
6. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ആഡിറ്റോറിയം നിർമ്മിക്കുകയും ശ്രീ ശങ്കരാചാര്യരുടെയും അതേ പോലെ മഹാൻമാരുടെയും ചരിത്രം സാധാരണകാർക്ക് മനസ്സിലാക്കുവാൻ ഉപകരിക്കത്തക്ക രീതിയിൽ സിനിമയും അതേപോലെ സിംപോസിയങ്ങളും പ്രഭാഷണങ്ങളും നടത്തുക.
7. ചരിത്രപരവും, മതപരവുമായിട്ടുള്ള പുരാതന ദേവാലയങ്ങൾ കണ്ടെത്തുകയും അവയെ ടൂറിസ്റ്റുകൾക്കായി വികസിപ്പിച്ചെടുക്കുകയും ചെയ്യുക.
8. പ്രശസ്ത ദേവാലയമായ മലയാറ്റൂർ കുരിശുമുടിയും സമീപപ്രദേശങ്ങളും തീർത്ഥാടകർക്ക് സൗകര്യപ്രദമായി സന്ദർശിക്കത്തക്ക രീതിയിൽ വികസിപ്പിക്കുകയും സെന്റ് തോമസും ക്രിസ്ത്യൻ മെഷിനറീസും കേരളത്തിന്റെ വിശേഷിച്ചും കാലടിയുടെ ഭൂമിശാസ്ത്രവും ചരിത്രപരവുമായ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ പൊതുജനങ്ങൾക്കും സഞ്ചാരികൾക്കും മനസ്സിലാകത്തക്കവിധം പ്രദർശിപ്പിക്കുവാൻ വേണ്ടി ആധുനിക രീതിയിലുള്ള ഒരു ലൈബ്രറി കോംപ്ലക്സും ആഡിറ്റോറിയവും സ്ഥാപിക്കുക.
9. ഈ വക വിവരങ്ങൾ അറിയുവാൻ വേണ്ടിവരുന്ന ടൂറിസ്റ്റുകൾക്ക് അനുയോജ്യമായ താമസ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.
10. സാധാരണക്കാരായ ജനങ്ങളുടെ പുരോഗതിക്ക് അനുകൂലമാകത്തക്ക രീതിയിലുള്ള പദ്ധതികൾ ഏറ്റെടുക്കുകയും അതുവഴി ഗ്രാമീണ പുരോഗതിക്ക് വേദിയൊരുക്കുക.

LIBRARY ARCHIVES Kerala Legislative Assembly